WEDNESDAY 28/08/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/08/2024

1. വിളവെടുപ്പിന്റെയും സമൃദ്ധിയുടെയും കാലമായ പൊന്നിൻചിങ്ങ മാസത്തിൽ നമ്മുടെ കാർഷിക പൈതൃകത്തെയും കാർഷിക സംസ്കൃതിയെയും വരും തലമുറയ്ക്ക് നേരിട്ട് കാണാനും അനുഭവിക്കാനും അവസരം ഒരുക്കുകയാണ് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന കൃഷിവകുപ്പിന്റെ ഒക്കൽ സംസ്ഥാന വിത്തുൽപാദന കേന്ദ്രം. ഓഗസ്റ്റ് മാസം 29, 30, 31 തീയതികളിൽ കാർഷിക പ്രദർശന വിപണന മേള **'ഒക്കൽ ഫാം ഫെസ്റ്റ്'** നടത്തുന്നു. കാലാവസ്ഥ സൗഹൃദ ജീവിതശൈലി കെട്ടിപ്പടുക്കുവാൻ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഈ സന്ദേശം ഉൾക്കൊണ്ടു കൊണ്ട് ആണ് ഈ മേള സംഘടിപ്പിക്കുന്നത്. വിവിധ കാർഷിക പ്രശ്നങ്ങളെ കുറിച്ചുള്ള സെമിനാറുകളും കാർഷികസംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രായോഗിക ക്ലാസുകളും, പ്രകൃതി സംരക്ഷണം, കൃഷിയും കാലാവസ്ഥയും, ജൈവവൈവിധ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചലച്ചിത്രപ്രദർശനവും, കാർഷിക ക്വിസ് എന്നീ വിവിധ ആകർഷക വിഭവങ്ങൾ മേളയുടെ ഭാഗമായി ഒരുക്കിയിരിക്കുന്നു. പ്രസ്തുത മേളയിൽ കാലാവസ്ഥ സൗഹൃദ ജീവിതശൈലി എന്ന ആശയം അടിസ്ഥാനമാക്കി വിദ്യാർഥികളുടെ എക്സിബിഷൻ നടത്തുന്നു.

2. വളർത്തു മൃഗങ്ങളുടെ രോഗനിർണയത്തിനും ചികിത്സയ്ക്കും വീട്ടു പടിക്കൽ ആധുനിക സൗകര്യങ്ങളോടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിലെ മുവാറ്റുപുഴ വെറ്ററിനറി പോളി ക്ലിനിക്കിൽ എല്ലാ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും മൊബൈൽ ടെലി വെറ്ററിനറി യുണിറ്റ് ക്യാംപ് ചെയ്ത് സേവനം ലഭ്യമാക്കും. എക്സ്റേ സ്കാനിങ് മെഷീൻ, പശുവിനെ ഉയർത്തുന്ന യന്ത്രം എന്നിവ സജ്ജീകരിച്ച മൃഗസംരക്ഷണ

വകുപ്പിന്റെ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് വീട്ടു മുറ്റത്ത് എത്തും. വിളിക്കേണ്ട ഫോൺ നമ്പർ 0485 2833301.

3. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ/ കേന്ദ്രങ്ങളിൽ 2024- 25 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന പുതിയ പി എച്ച് ഡി /എം എസ് സി/ ഇന്റഗ്രേറ്റഡ്/ എംടെക്/ പിജി ഡിപ്ലോമ /ഡിപ്ലോമ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 30.08.2024 ന് തൃശ്ശൂർ വെള്ളാനിക്കര കേരള കാർഷിക സർവകലാശാല ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സെൻട്രൽ ഓഡിറ്റോറിയത്തിൽ വെച്ച് ഉച്ചയ്ക്ക് രണ്ടുമണിക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അഡ്മിഷനുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പിൻ്റെ നിയന്ത്രണത്തിലുള്ള കോട്ടയം ജില്ലയിലെ പള്ളം സർക്കാർ മോഡൽ ഫിഷ് ഫാമിൽ കട്‌ല, രോഹു മത്സ്യക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812434039 9495670644 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2024 ആഗസ്റ്റ് മാസം 30, 31 തീയ്യതികളിൽ പശു വളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കണ്ണൂർ, കാസർ ഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ 29/08/2024 ന് മുമ്പായി പരിശീലന കേന്ദ്രത്തിൽ 04972-763473, 9946624167 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ

ചെയ്യേണ്ടതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

6. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'സുരക്ഷിതമായ പാലുൽപ്പാദനം' എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 29, 30 തീയതികളിലായി 2 ദിവസത്തെ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447479807, 9496332048 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്സാപ്പ് ചെയ്തോ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്

5 വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 29ന് രാവിലെ 9.30 മുതൽ 4.30 വരെ ബഡ്ഡിങ്, ഗ്രാഫ്റ്റിംഗ്, ലയറിങ് എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500 രൂപ. താല്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം